**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 552** **11-06-2024 - ൽ മറുപടിയ്ക്ക്**

**ചരക്ക് സേവന നികുതി വെട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചരക്ക് സേവന നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട് ജി.എസ്.ടി. വകുപ്പ് എത്ര കേസ് എടുത്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചരക്ക് സേവന നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഇന്റലിജൻസ് വിഭാഗം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലകളിൽ നിന്നുമായി 1015 കേസ് എടുത്തിട്ടുണ്ട്. |
| (ബി) | കേസുകളുടെ ഭാഗമായി എത്ര രൂപ പിരിച്ചെടുക്കുവാൻ സാധിച്ചു; വിശദാംശം നൽകാമോ; | (ബി) | **സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ പ്രസ്തുത കേസുകളുടെ പരിശോധനകളിലൂടെ സർക്കാരിലേയ്ക്ക് ലഭ്യമാക്കിയ അധിക നികുതി വരുമാനം അനുബന്ധമായി ചേർക്കുന്നു** |
| (സി) | നികുതി വെട്ടിപ്പ് തടയുന്നതിനായി മറ്റ് സംസ്ഥാന ഏജൻസികളുമായി ചേർന്ന് നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം നൽകാമോ; | (സി) | നികുതി വെട്ടിപ്പ് തടയുന്നതിനായി മറ്റ സംസ്ഥാനങ്ങളിലെ ജി.എസ്.ടി വകുപ്പുമായും കേന്ദ്ര ജി.എസ്.ടി ഇന്റലിജൻസ് സംവിധാനവുമായും സഹകരിച്ച് വിവിധ അന്വേഷണങ്ങളും സെർച്ച് നടപടികളും നടത്തി വരുന്നു. കൂടാതെ ദേശീയ തലത്തിൽ നടന്നുവരുന്ന ആന്റി ഫേക്ക് ഇൻവോയ്സ് & രജിസ്ട്രേഷൻ ഡ്രൈവ് എന്ന പദ്ധതിയിലൂടെ സംസ്ഥാനങ്ങൾ പരസ്പരം കൈമാറുന്ന വിവരങ്ങളിലൂടെയും വിശദമായ അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | രണ്ടര കോടി രൂപ മുടക്കി കൊണ്ട് വന്ന ലക്കി ബിൽ ആപ്പിന്റെ പ്രവർത്തനം വിശദമാക്കാമോ; പ്രസ്തുത ആപ്പ് മുഖേന എത്ര നറുക്കെടുപ്പ് നടത്തിയിട്ടുണ്ട്; വിശദാംശം നൽകാമോ? | (ഡി) | പൊതുജനങ്ങൾ വ്യാപാരസ്ഥാപനങ്ങളിൽ നിന്നും ബില്ല് ചോദിച്ച് വാങ്ങുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ജി.എസ്.ടി വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് ലക്കി ബിൽ. ഈ പദ്ധതി പ്രകാരം പൊതുജനങ്ങൾ ലക്കി ബിൽ ആപ്പ് ഡൗൺലോഡ് ചെയ്യുകയും, ആപ്പിലൂടെ ബിൽ അപ് ലോഡ് ചെയ്തു നറുക്കെടുപ്പിലൂടെ സമ്മാനങ്ങൾക്കു അർഹരാവുകയും ചെയ്യും.<br><br>ദിവസവും 50 പേർക്ക് ഡെയ്‌ലി ഗിഫ്റ്റ് പാക്കറ്റ് നൽകുന്നതിലേക്കായി 15,591 നറുക്കെടുപ്പ് നടത്തിയിട്ടുണ്ട്. ആഴ്ചതോറും 25 പേർക്ക് കെടിഡിസി |

| | | | |
|---|---|---|---|
| | | | ഫാമിലി പാക്കേജ് സമ്മാനം നൽകുന്നതിലേക്കായി 1099 നറുക്കെടുപ്പ് നടത്തിയിട്ടുണ്ട്. മാത്രമല്ല മാസം തോറും ക്യാഷ് പ്രൈസ് വിജയികളെ തെരഞ്ഞെടുക്കുന്നതിലേക്കായി 88 നറുക്കെടുപ്പ് ഇതുവരെ നടത്തിയിട്ടുണ്ട്. ഇതുകൂടാതെ 2 ബമ്പർ പ്രൈസ് വിജയികളെയും തെരഞ്ഞെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| വർഷം | തുക (കോടിയിൽ) |
|---|---|
| 2023-24 | 1744.7 |
| 2022-23 | 532.05 |
| 2021-22 | 157.05 |

Jasmin

സെക്ഷൻ ഓഫീസർ